**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 615** **13-10-2026-ൽ മറുപടിയ്ക്ക്**

**പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** പശ്ചിമഘട്ട മേഖലയിലെ പരിസ്ഥിതിലോല പ്രദേശം സംബന്ധിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള കരട് വിജ്ഞാപനത്തിലെ വ്യവസ്ഥകൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** വിലയിരുത്തിയിട്ടുണ്ട്.

പശ്ചിമഘട്ട മേഖലയിലെ പരിസ്ഥിതിലോല പ്രദേശങ്ങൾ സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 27.07.2026-ന് പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിരോധിക്കപ്പെട്ടിട്ടുള്ളതും നിയന്ത്രണങ്ങൾക്ക് വിധേയമായി അനുവദനീയമായതുമായ വിവിധ പദ്ധതികളെയും പ്രവർത്തനങ്ങളെയും സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ജനവാസ, കൃഷി, തോട്ടം മേഖലകളെ പൂർണമായും ESA-യിൽ നിന്ന് ഒഴിവാക്കുക എന്ന കേരളത്തിന്റെ ആവശ്യം കാര്യകാരണങ്ങൾ സഹിതവും യുക്തി ഭദ്രമായും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുമുണ്ട്.

**(ബി)** ജനവാസ മേഖലകൾ, കൃഷിയിടങ്ങൾ, തോട്ടം മേഖലകൾ എന്നിവ ഇ.എസ്.എ. (ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയ) പരിധിയിൽ ഉൾപ്പെടുന്നതു മൂലം പ്രദേശവാസികൾക്ക് ഉണ്ടാകാവുന്ന നിയന്ത്രണങ്ങൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പത്തനാപുരം നിയോജകമണ്ഡലത്തിലെ പത്തനാപുരം, പിറവന്തൂർ വില്ലേജുകൾ പോലെ കരട് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജനവാസ മേഖലകൾ ഇ.എസ്.എ. പരിധിയിൽ നിന്നും ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**മറുപടി:** പത്തനാപുരം താലൂക്കിലെ പിറവന്തൂർ, പുന്നല വില്ലേജുകൾ 27 .07.2026-ലെ കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ പരിഷ്കരിച്ച നിർദേശത്തിൽ ജനവാസ പ്രദേശങ്ങൾ ഒഴിവാക്കി, പിറവന്തൂർ വില്ലേജില 110.32 ച.കി.മി. ഉം പുന്നല വില്ലേജിലെ 36.78 ച..കി.മീ. ഉം ESA ആയി നിർദ്ദേശിച്ചിട്ടുണ്ട്.

ESA പരിധിയിൽ നിന്നും ജനവാസമേഖലകൾ ഒഴിവാക്കേണ്ടതാണ് എന്ന സംസ്ഥാന സർക്കാരിന്റെ കൃത്യമായ നിലപാടിന്റെ അടിസ്ഥാനത്തിൽ ജിയോ സ്പേഷ്യൽ ഇൻറർപ്രട്ടേഷൻ നടത്തി ESA പരിധി നിർണ്ണയിക്കുകയും, ESA-ക്ക പുറത്തുള്ള ഭാഗങ്ങൾ നിയന്ത്രണപരിധിയിൽ വരാത്ത വിധം സംസ്ഥാനത്തിന്റെ പരിഷ്കരിച്ച നിർദ്ദേശം സർക്കാരിന് 24.09.2026-ന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**